വിവരങ്ങൾ മുഴുവൻ (മുഴുവനില്ലെങ്കിൽ കുറെയെങ്കിലും) പുറത്തുവരുമ്പോൾ പ്രസിഡണ്ട് റേയ്ഗനോട് അമേരിക്കൻ ജനത എങ്ങനെയാണു പെരുമാറുക? ഇക്കഴിഞ്ഞ ആറു വർഷങ്ങളിൽ അമേരിക്കയിലെ സാധാരണക്കാരുടെ ആരാധനാമൂർത്തിയായിരുന്നു റേയ്ഗൻ എന്നതിൽ സംശയമില്ല. ഇത്രയേറെ ജനപ്രീതി നേടിയ ഒരു പ്രസിഡണ്ട് അമേരിക്കയിൽ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. സത്യം തുറന്നുപറഞ്ഞു മാപ്പപേക്ഷിച്ചാൽ റേയ്ഗനു ശിക്ഷയിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞേക്കും. പക്ഷേ, പ്രസിഡണ്ട്സ്ഥാനം രാജിവെക്കേണ്ടതായിവന്നുകൂടെന്നില്ല. അതുണ്ടാവുന്നില്ലെങ്കിൽത്തന്നെ, 1988—ൽ പ്രസിഡണ്ട്സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു നടക്കുംവരെ, ഒരു മുൻകൈയിനും കഴിവില്ലാതെ, പാർലമെൻററിൽനിന്നുള്ള നിരന്തരങ്ങളായ ശല്യപ്പെടുത്തലുകൾക്കു കീഴടങ്ങി, പേരിനുമാത്രം പ്രസിഡണ്ട് ആയി, റേയ്ഗനു വൈററ്ഹൗസിൽ കഴിഞ്ഞുകൂടേണ്ടിവരും.

'നുണയൻ! അങ്ങനെതന്നെ വേണം!' എന്നാണോ നിങ്ങളുടെ പ്രതികരണം? അതോ, 'പാവം കിഴവൻ! ഇങ്ങനെ ഒരു ഗതി ആർക്കും വരുത്തരുതേ!' എന്നോ?

(28 ഡിസംബർ, 1986)

# 12. ചോററുപട്ടാളം

കാലിൽ ഒരു മുള്ളു തറച്ചാൽ, എത്ര കരുത്തനായ മനുഷ്യനും ഞൊണ്ടി നടക്കേണ്ടിവരും. ആധുനികലോകത്തിൽ ഏററവും അധികം ശക്തിയും സമ്പത്തും ഉള്ള രാഷ്ട്രമായ അമേരിക്കയുടെ കാലിൽ തറച്ച മുള്ളാണ് നികറാഗ്വ. ഈ മുള്ളു കാരണം അമേരിക്കൻ രാഷ്ട്രതന്ത്രത്തിനു ധാർമിക ഞൊണ്ടൽ (അതോ അധാർമിക ഞൊണ്ടലോ?) കുറച്ചൊന്നുമല്ല ബാധിച്ചിട്ടുള്ളതു്.

അമേരിക്കൻ ഐക്യരാഷ്ട്രങ്ങൾക്കു തെക്ക്, കരീബിയൻ കടലിനും ശാന്തസമുദ്രത്തിനും ഇടയിൽ, എൽസാൽവദോർ, ഹോൺഡുറാസ് എന്നീ രാജ്യങ്ങൾക്കു തെക്കും കോസ്റ്ററിക്ക എന്ന രാജ്യത്തിനു വടക്കുമായി സ്ഥിതിചെയ്യുന്ന ഒരു ചെറുരാജ്യമാണ് നികറാഗ്വ. വിസ്താരം കേരളത്തിൻെറ നാലിരട്ടിയിൽ താഴെ (1,48,000 ച. കി. മീ.); ജനസംഖ്യയാണെങ്കിൽ, കേരളത്തിലേതിൻെറ ഏഴിലൊന്നോളം (ഏകദേശം ഇരുപത്തഞ്ചുലക്ഷം) മാത്രം. പതിനാറാം നൂററാണ്ടിലുണ്ടായ സ്പാനീഷ് കടിയേററത്തെത്തുടർന്ന്, നികറാഗ്വയിലെ ജനസംഖ്യയിൽ എഴുപതു ശതമാനത്തോളം മിശ്രവർഗക്കാരായിട്ടുണ്ട്. ശുദ്ധ അമേരിൻഡ്യൻ വർഗക്കാർ അഞ്ചു ശതമാനത്തോളവും ശുദ്ധ വെള്ളക്കാർ പത്തൊമ്പതു ശതമാനത്തോളവും ശുദ്ധ നീഗ്രോ വംശജർ ഒമ്പതു ശതമാനത്തോളവും കാണും. സ്വർണം, വെള്ളി, ടങ്സ്റ്റൻ, എണ്ണ മുതലായ ഖനിജങ്ങൾ ധാരാളമുണ്ടെങ്കിലും, കൃഷിയാണ് ഇപ്പോഴും ജനങ്ങളുടെ മുഖ്യജീവിതോപാധി.

ഒന്നര നൂററാണ്ടു മുമ്പ് സ്പാനിഷ് ആധിപത്യത്തിൽനിന്നു മോചനം നേടിയ നികറാഗ്വയിൽ അമേരിക്കൻ ഐക്യരാഷ്ട്രങ്ങളുടെ സ്വാധീനം പിന്നെപ്പിന്നെ വളർന്നുവന്നു. 1933 വരെ നികറാഗ്വയിൽ വിപുലമായ ഒരു അമേരിക്കൻ നാവികത്താവളം നിലവിലുണ്ടായിരുന്നു. നികറാഗ്വയിൽ അമേരിക്കൻ സൈനികസാന്നിദ്ധ്യത്തിനു അനുവാദം നല്കിയിരുന്ന സന്ധി നിരാകരിക്കപ്പെട്ടതാകട്ടെ 1970—ൽ മാത്രമായിരുന്നു.

അമേരിക്കൻ പിൻബലത്തോടെ നികരാഗ്വ അടക്കി ഭരിച്ചിരുന്ന ജനറൽ സൊമോസ എന്ന പട്ടാള ഏകാധിപതിയെ സ്ഥാനഭ്രഷ്ടനാക്കി, ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിക്കുന്ന 'സാൻഡിനിസ്റ്റ'കൾ 1979—ൽ അധികാരത്തിൽ വന്നതു മുതൽ നികരാഗ്വയിലെ ഗവർണ്മെൻറിനെ അട്ടിമറിക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് അമേരിക്കൻ സർക്കാർ. ഇപ്പുറത്തു സോവിയറ്റ് യൂണിയനും ക്യൂബയും നികരാഗ്വയ്ക്കു സഹായം എത്തിച്ചുകൊടുക്കുന്നതായും കരുതപ്പെടുന്നു. സാമ്രാജ്യവാദികളുടെ ഇടപെടലിനെതിരെ വിയറ്റ്നാമിൽ ഹോചിമിൻെറ നേതൃത്വത്തിൽ നടന്ന ജനകീയയുദ്ധത്തോട് വളരെ സാമ്യമുള്ള ഒന്നായി വളർന്നിട്ടുണ്ട്, അയൽരാജ്യങ്ങൾ താവളമാക്കി അമേരിക്കൻ സഹായത്തോടെ നികരാഗ്വയിൽ കൂടെക്കൂടെ കടന്ന് കൈയേറ്റം നടത്തുന്ന 'കോൺട്രകൾ' എന്നറിയപ്പെടുന്ന പ്രതിവിപ്ലവകാരികൾക്കെതിരെ നികരാഗ്വൻ ജനത സംഘടിപ്പിച്ചിട്ടുള്ള ചെറുത്തുനില്പ്. അമേരിക്കൻ പട്ടാളം നികരാഗ്വയിൽ കടന്നാക്രമിക്കുന്നതിനെ അമേരിക്കൻ ജനത അനുകൂലിക്കുന്നില്ല. പക്ഷേ, നികരാഗ്വയിൽ അട്ടിമറികൾ സംഘടിപ്പിക്കുന്ന കോൺട്രകൾക്ക് ധനസഹായം നൽകാൻ അമേരിക്കൻ പാർലമെൻറിൻെറ അനുവാദം പ്രസിഡണ്ട് റേയ്ഗൻ വാങ്ങിയിട്ടുണ്ട്. എങ്കിലും, അമേരിക്കൻ സർക്കാരിൻെറ ഏതെങ്കിലുമൊരു വിഭാഗം നികരാഗ്വയിൽ നേരിട്ട് ഇടപെടുന്നതു് ഇപ്പോൾ നിയമവിരുദ്ധമാണ്. അതിനാൽ, ഇക്കഴിഞ്ഞ 1986 ഒക്ടോബർ 5—ാം തീയതി ഒരു അമേരിക്കൻ വിമാനം നികരാഗ്വയിൽ വെടികൊണ്ടു വീഴുകയും, അതിലുണ്ടായിരുന്ന മൂന്ന് അമേരിക്കക്കാരിൽ ഒരാളെ നികരാഗ്വൻ പടയാളികൾ ജീവനോടെ പിടികൂടുകയും, നികരാഗ്വയിൽ അമേരിക്കൻ ഗവർണ്മെൻറ് നടത്തിവരുന്ന കൈയേറ്റങ്ങൾ തെളിയിക്കുന്ന ഒട്ടേറെ ആധികാരികരേഖകൾ ഇയാളുടെ കൈയിൽനിന്നു നികരാഗ്വൻ ഗവണ്മെൻറ് പിടിച്ചെടുക്കുകയും ചെയ്തപ്പോൾ, പ്രസിഡണ്ട് റേയ്ഗൻ മുതൽ താഴോട്ടുള്ള അമേരിക്കൻ ഭരണാധികാരികൾക്ക് സ്വന്തം നാട്ടുകാരുടേയും ലോകജനതയുടേയും മുമ്പിൽ ഒട്ടേറെ 'അധാർമിക ഞൊണ്ടൽ' പ്രകടിപ്പിക്കേണ്ടിവന്നു. പത്തൊമ്പതു വയസ്സുള്ള ജോസ് ഫെർനാൻഡോ കനാലസ് എന്ന ഒരു പട്ടാളക്കാരനാണ് നികരാഗ്വയുടെ തെക്കേ അതിർത്തിക്കടുത്തു്, എന്നാൽ, നികരാഗ്വയുടെ ഉള്ളിൽ വെച്ച് ഈ വിമാനം വെടിവെച്ചു വീഴ്ത്തിയതു്. തകർന്നുവീണ വിമാനത്തിൽ ധാരാളം ആയുധങ്ങളും വെടിക്കോപ്പുകളും രണ്ട് അമേരിക്കക്കാരുടെ മൃതദേഹങ്ങളുമുണ്ടായിരുന്നു. വിമാനത്തിൽനിന്ന് പാരച്യൂട്ട് ധരിച്ചു ചാടി നിലത്തുവന്ന്, ഒരു കൈയിൽ കത്തിയും മറുകൈയിൽ തോക്കുമായി നിൽക്കുന്ന യൂജീൻ ഹാസെൻഫസ് എന്ന അമേരിക്കക്കാരനെ നികരാഗ്വൻ ഭടന്മാർ തടവിലാക്കി. വിയറ്റ്നാം, ലാവോസ്, കമ്പൂച്ചിയ, തായ്‌ലൻഡ് എന്നിവിടങ്ങളിലെല്ലാം പൊരുതിയിട്ടുള്ള, പഴയ ഒരു വിമാനസൈനികനാണ് ഹാസെൻ ഫസ്. സി. ഐ. എ. (സെൻട്രൽ ഇൻടെലിജൻസ് ഏജൻസി) എന്ന അമേരിക്കൻ ചാരസംഘടനയുടെ കീഴിലുള്ള ഒരു വിമാനക്കമ്പനിയിൽ ജോലിക്കാരനാണ് താനെന്നും, നികരാഗ്വയിലെ പ്രതിവിപ്ലവകാരികൾക്ക് ആയുധങ്ങൾ നൽകുന്നതിനായി അയൽരാജ്യങ്ങളായ എൽസാൽവഡോറിലേയും, ഹോണ്ഡുറാസിലേയും അമേരിക്കൻ പട്ടാളത്താവളങ്ങളിൽനിന്ന് പത്തുപ്രാവശ്യം താൻ നികരാഗ്വയ്ക്കുമീതെ വിമാനം പറപ്പിച്ചിട്ടുണ്ടെന്നും ഇയാൾ സമ്മതിച്ചു. തന്നോടൊപ്പം വിമാനത്തിലുണ്ടായിരുന്ന അമേരിക്കക്കാരുടെ പേരുകളും, തങ്ങൾക്ക് ശമ്പളവും ആയുധസാമഗ്രികളും നിർദ്ദേശങ്ങളും മറ്റും നൽകിപ്പോരുന്ന ഉയന്ന അമേരിക്കൻ ഗവണ്മെ

ന്റുദ്യോഗസ്ഥന്മാരുടെ വിശദവിവരങ്ങളും, ഈയാൾ നികറാഗ്വക്കാരെ അറിയിച്ചു.

ഹാസെൻ ഫ്യൂസ് നൽകിയ വിവരങ്ങളിൽനിന്നു്, സി. ഐ. എ യുടെ നേതൃത്വത്തിൽ ലോകവ്യാപകമായി പ്രവർത്തിക്കുന്ന വിപുലമായ ഒരു ഭീകരസംഘടനയുടെ വിവരങ്ങൾ പുറത്തുവന്നിട്ടുണ്ടു്. 'ന്യൂസ്‌വീക്ക്' വാരികയുടെ 1986 നവംബർ 3–ലെ ലക്കത്തിൽ 'അമേരിക്കൻ ചോററുപട്ടാളക്കാരുടെ നിഴൽനിറഞ്ഞ ലോകം' എന്ന ലേഖനം ഈ സംഘടനയെ സംബന്ധിച്ച പല വിവരങ്ങളും വായനക്കാർക്കു നല്കുന്നു. കാശു വാങ്ങി ആർക്കുവേണ്ടിയും എവിടെയും എന്തും ചെയ്യാൻ സന്നദ്ധരായ വാടകഗൗഢികൾ ആണു് ചോററുപട്ടാളക്കാർ. അമേരിക്കൻചോററുപട്ടാളത്തിൽ ഇരുന്നൂറിൽത്താഴെ മാത്രമേ പടയാളികൾ ഉള്ളൂ എന്നാണു് 'ന്യൂസ്‌വീക്ക്' പ്രസ്താവിക്കുന്നതു്. പക്ഷേ, ഉള്ളവർ വെറും പട്ടാളക്കാരല്ല. ഓരോ അമേരിക്കൻ ചോററുപടയാളിയും ലോകവ്യാപകവും അതിസമ്പന്നവുമായ ഒരുഭീകരസംഘടനയിലെ സ്വാധീനശക്തിയുള്ള അംഗമാണു്. അന്ധമായ അമേരിക്കൻ രാഷ്ട്രീയാഭിമാനം, തികഞ്ഞ ധർമ്മബോധരാഹിത്യം, അതിമദ്യപാനശീലം, കൊല്ലാനും, കൊള്ളിവയ്ക്കാനുമുള്ള അത്യാഗ്രഹം മുതലായവ ഇവരിൽപ്പലരുടേയും സ്വഭാവസവിശേഷതകളാണെന്നു 'ന്യൂസ്‌വീക്ക്' എടുത്തുകാണിക്കുന്നു. ഇവർക്കു് സ്വന്തമായി പത്രങ്ങളും മററു പ്രസിദ്ധീകരണങ്ങളുമുണ്ടു്. പ്രസിഡണ്ടു് റേയ്ഗന്റെ മന്ത്രിസഭയിലെ പല ഉന്നതന്മാരുമായി ഇവർ നേരിട്ടു് സമ്പർക്കം പുലത്തുന്നു.

സംഘടിത ഭീകരപ്രവർത്തനമെന്നതു് അത്യന്തം അസ്വാസ്ഥ്യകരമായ ഒരു സമകാല പ്രതിഭാസമായിട്ടുണ്ടു്. സർക്കാരുകൾ പരസ്യമായും രഹസ്യമായും പിന്തുണ നൽകുന്നതുകൊണ്ടാണു് ഭീകരപ്രവർത്തനത്തിന്റെ വിധ്വംസകത നിയന്ത്രണാതീതമായി പെരുകുന്നതു്. ഇന്ത്യയുടെ അകത്തു് ഒരു വലിയ പ്രശ്നമായിത്തീർന്നിട്ടുള്ള ഖാലിസ്ഥാൻ ഭീകരപ്രവർത്തകർക്കു് അമേരിക്കൻ ചോററുപട്ടാളക്കാർ പരിശീലനം നൽകിയിട്ടുണ്ടെന്നും, ഈ ഭീകരപ്രവർത്തകർക്കു് സംരക്ഷണവും പരിശീലനവും ആയുധവും മററു സഹായങ്ങളും പാകിസ്ഥാനിൽനിന്നു കിട്ടുന്നുണ്ടെന്നും നമുക്കു് അറിവുള്ളതാണു്. ഭീകരപ്രവർത്തകർമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിമാനാപഹരണങ്ങൾ, അട്ടിമറികൾ മുതലായ ദുരന്തങ്ങൾക്കു കണക്കില്ല. ലിബിയയിലെ കേണൽ ഗദ്ദാഫി യൂറോപ്പിൽ ഭീകരപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതായി ആരോപിച്ചു് അമേരിക്കൻ വ്യോമസേന ട്രിപ്പോളി നഗരത്തിൽ ബോംബാക്രമണം നടത്തുകയുണ്ടായി. കേണൽ ഗദ്ദാഫിയുടെ കൈകളിൽ പുരണ്ട അത്രയെങ്കിലും ചോര പ്രസിഡണ്ടു് റേയ്ഗന്റെ കൈകളിലും പുരണ്ടിട്ടുണ്ടെന്നതിനു് ആവശ്യമായ തെളിവുകൾ യൂജിൻ ഹാസെൻ ഫ്യൂസ് ലോകജനതയുടെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടു്.

നികറാഗ്വയുമായി അമേരിക്കൻ ഐക്യരാഷ്ട്രങ്ങൾ യുദ്ധം പ്രഖ്യാപിച്ചിട്ടില്ല. നികറാഗ്വയിൽ ധാരാളം അമേരിക്കക്കാർ പാർക്കുന്നുണ്ടു്. അമേരിക്കയുടെ ഒരു നയതന്ത്രകാര്യാലയം നികറാഗ്വയുടെ തലസ്ഥാനമായ മനാഗ്വയിൽ പ്രവർത്തിച്ചുവരുന്നു. യൂജിൻ ഹാസെൻ ഫ്യൂസിന്റെ വിമാനത്തകർച്ചയെപ്പററി കേട്ടറിഞ്ഞ മനാഗ്വയിലെ അമേരിക്കൻ പൗരന്മാർ അവിടത്തെ അമേരിക്കൻ എംബസ്സിയുടെ മുന്നിൽ ഒത്തുചേരുകയും നികറാഗ്വയിൽ അമേരിക്ക നടത്തുന്ന കൈകടത്തലിനെതിരെ പ്രതിഷേധിച്ചു് ഒരു ദിവസം അവിടെ നിരാഹാരവ്രതം അനുഷ്ഠിക്കുകയുംചെയ്തു. ഈ സമയത്താണു്, വെടിവെച്ചു വീഴ്ത്തപ്പെട്ട അമേരിക്കൻ വിമാനത്തിലുണ്ടായിരുന്ന, വാലസ്സ്‌സായർ, വില്യംക്ലൂപ്പർ എന്ന രണ്ടു്

അമേരിക്കൻ ചോററുപട്ടാളക്കാരുടെ ശരീരാവശിഷ്ടങ്ങൾ അടക്കംചെയ്ത രണ്ട് ശവപ്പെട്ടികളുമായി ഏതാനും നികരാഗ്വക്കാർ അവിടെ എത്തിയതു്. അമേരിക്കൻ പൗരന്മാരുടെ ദേഹങ്ങൾ അമേരിക്കൻസർക്കാരിനു് ഏല്പിച്ചുകൊടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഒരു അമേരിക്കൻവിമാനം നികരാഗ്വയുമീതെ പറന്നുവെന്ന വസ്തുതതന്നെ ഉയർന്ന അമേരിക്കൻ ഭരണാധികൃതർ നിഷേധിച്ചിരുന്നതിനാൽ, ഈ ശവപ്പെട്ടികൾ സ്വീകരിക്കാൻ മനാഗ്വയിലെ അമേരിക്കൻ എംബസ്സി ആദ്യം വിസമ്മതിക്കുകയാണുണ്ടായതു്. തങ്ങളുടെ വിശ്വാസ്യത തീകച്ചും നഷ്ടപ്പെട്ടു കഴിഞ്ഞു എന്ന ബോധ്യംവന്നതിനാലാവാം അവസാനം അവർ ആ ശവപ്പെട്ടികൾ കൈപ്പററി; മരിച്ചവരുടെ ബന്ധുക്കൾക്കുവേണ്ടി അവ അമേരിക്കയിലേക്കു് തിരികെ അയയ്ക്കുകയുംചെയ്തു.

(4 നവംബർ, 1986)

# 13. ലിബിയയിൽ അമേരിക്കയുടെ ബോംബാക്രമണം

ആഫ്രിക്കയുടെ വടക്കുഭാഗത്തു്, മെഡിററേനിയൻ കടലിൻെറ വക്കിലുള്ള ഒരു ചെറുരാജ്യമാണു് ലിബിയ. വിസ്താരം ഏതാണ്ടു് ഇന്ത്യയിലെ ഉത്തരപ്രദേശ് സംസ്ഥാനത്തിൻെറ ആറിരട്ടികാണും(ഏറെക്കുറെ 17, 59, 540 ച. കി.മീ.). എന്നാൽ, ജനസംഖ്യ മുപ്പത്തഞ്ചു ലക്ഷത്തോളം മാത്രമാണു്—ഉത്തരപ്രദേശിലെ ജനസംഖ്യയുടെ മുപ്പതിലൊരു ഭാഗത്തേക്കാൾ കുറവു്. ലിബിയയിൽ വളരെയേറെ ഭാഗം മരുഭൂമിയാണെന്നതാണു് അവിടെ ജനസംഖ്യ ഇത്ര കുറവായതിനു കാരണം. എന്നിട്ടും ലിബിയയ്ക്കു സമകാല ലോകരാഷ്ട്രീയത്തിൽ ഗണ്യമായ പ്രാധാന്യമുണ്ടെങ്കിൽ, അതിൻെറ കാരണം അവിടെ ധാരാളം എണ്ണ കുഴിച്ചെടുക്കാനുണ്ടെന്നതത്രെ.

ലിബിയയുടെ പഴയചരിത്രത്തെപ്പററി ഏറെയൊന്നും പറയാനില്ല. ജനങ്ങളിൽ അധികവും അറബിവംശജരാണെങ്കിലും, 1912 വരെ ലിബിയ തുർക്കി സാമ്രാജ്യത്തിൻെറ ഒരു ഭാഗമായിരുന്നു. 1912—ൽ ലിബിയയുടെ ഏതാനും ഭാഗം ഇററലി പിടിച്ചടക്കി. രണ്ടാം മഹായുദ്ധകാലത്തു് ലിബിയ ഇററലിയുടെയും ജർമനിയുടെയും കീഴിലായിരുന്നു. 1943—ൽ ഈ രണ്ടു രാജ്യങ്ങളുടെയും സൈന്യങ്ങളെ തോല്പിച്ചശേഷം ബ്രിട്ടനും ഫ്രാൻസും ഈ പ്രദേശത്തു സൈനികവാഴ്ച പുലർത്തി; തങ്ങളുടെ കീഴിലുള്ള പ്രദേശത്തു് ഒരു ഗോത്രാധിപനായിരുന്ന ഇദ്രിസ്സിനു് ബ്രിട്ടീഷുകാർ 'അമീർ' എന്ന പദവി നൽകി. ഐക്യരാഷ്ട്രസംഘടനയുടെ തീരുമാനപ്രകാരം 1950—ൽ ഇദ്രിസ് സംയുക്തലിബിയൻ ഗവണ്മെൻറിൻെറ തലവൻ—രാജാവു്—ആയിത്തീർന്നു. 1969—ൽ ഒരു സംഘം യുവ—സൈനിക ഉദ്യോഗസ്ഥന്മാർ ഇദ്രിസ് രാജാവിനെ അധികാരഭ്രഷ്ടനാക്കി ലിബിയയുടെ ഭരണം കൈയേററു. ഈ ഉദ്യോഗസ്ഥന്മാരുടെ തലവനായിരുന്നു മുഅമ്മർ ഗദ്ദാഫി. 1977—ൽ ലിബിയയിലെ പട്ടാളഭരണം അവസാനിച്ചെങ്കിലും, ഗദ്ദാഫിതന്നെയാണു് ഇപ്പോഴും ഭരണത്തലവൻ. ലിബിയയുടെ ഇപ്പോഴത്തെ പേർ 'സോഷ്യലിസ്റ്റ് പീപ്പിൾസ് ലിബിയൻ അറബ് ജമാഹിരിയ' എന്നാണു്. 'ജമാഹി